# KUNNUMMAL L V L P SCHOOL

# ACADEMIC MASTER PLAN

# 2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# കുന്നുമ്മൽ എൽ വി എൽ പി സ്കൂൾ

## ആമുഖം

കുന്നുമ്മൽ പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്തായി നാദാപുരം പഞ്ചായത്തുമായി അതിർത്തി പങ്കിടുന്ന കുളങ്ങരത്ത് എന്ന സ്ഥലത്താണ് കുന്നുമ്മൽ ലക്ഷ്മിവിലാസം എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. സ്വാതന്ത്ര്യലബ്ധിക്ക് വളരെ മുമ്പ് 1931 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. കണ്ണങ്കാട്ട് പരേതയായ ശ്രീമതി കല്ല്യാണി ടീച്ചറാണ് വിദ്യാലയം സ്ഥാപിക്കുന്നതിൽ മുൻകൈയെടുത്തത്. തുടക്കത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിനു വേണ്ടി തുടങ്ങിയ സ്ഥാപനം പിന്നീട് മിക്സഡ് ആയി പരിണമിച്ചു.

നിലവിൽ പ്രി പ്രൈമറിയും ,ഒന്നു മുതൽ നാലാം തരം വരെയും അധ്യായനം നടത്തിവരുന്ന വിദ്യാലയത്തിൽ 5 അധ്യാപകരും രണ്ട് പ്രീപ്രൈമറി അധ്യാപികമാരും ഒരു ആയയും ഒരു പാചക തൊഴിലാളിയും ജോലി ചെയ്യുന്നു. വിദ്യാലയത്തിൽ ഇപ്പോൾ 108 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. കഴിഞ്ഞകാലങ്ങളിൽ ഒട്ടേറെ നാഴികക്കല്ലുകൾ പിന്നിട്ട ഈ വിദ്യാലയത്തിന് സമ്പന്നമായ ഒരു ശിഷ്യ സമ്പത്തുണ്ട് ആതുരസേവനം, രാജ്യരക്ഷ , ക്രമസമാധാനം, അധ്യാപനം ,നിയമം, കൃഷി, രാഷ്ട്രീയ സാംസ്കാരിക രംഗം തുടങ്ങി സമൂഹത്തിന്റെ നാനാതുറകളിലും ഈ ശിഷ്യസമ്പത്ത് സേവനം അനുഷ്ഠിച്ചു വരുന്നു.

വിദ്യാഭ്യാസരംഗത്തും ഇതര രംഗത്തും വിപ്ലവകരമായ മാറ്റങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ വിദ്യാലയവും മാറ്റത്തിന്റെ ചവിട്ടുപടികൾ കയറിക്കൊണ്ടിരിക്കുകയാണ്. പ്രധാനമായും ഭൗതിക സാഹചര്യങ്ങൾ വളരെയേറെ മെച്ചപ്പെടുത്തിയിട്ടുണ്ട് ഫ്രീ കെയർ ക്ലാസ് മുറികൾക്ക് പുറമെക്ലാസ് മുറികൾക്ക് പുറമെ പുതിയ ഒരു കെട്ടിടവും കൂടി നമുക്ക് നിർമ്മിച്ചു കിട്ടിയിട്ടുണ്ട്. സ്കൂളിന്റെ ഇപ്പോഴത്തെ മാനേജരായ ശ്രീ അബ്ദുറഹ്മാൻ കെ കെ സ്കൂളിനായി പുതിയ ഒരു ബഹുനില കെട്ടിടം കൂടി നിർമ്മിച്ചിട്ടുണ്ട്. അതിൽ കുട്ടികൾക്ക് ആവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിരിക്കുന്നു. കേര ന് അനുസൃതമായ ക്ലാസ് മുറികൾ, ഭക്ഷണം കഴിക്കാൻ പ്രത്യേക സൗകര്യം, കളി ഉപകരണങ്ങൾ, മാലിന്യ സംസ്കരണത്തിന് ഉതകുന്ന സംവിധാനങ്ങൾ, ചുറ്റും മതിലുകൾ, ഗതാഗതസൗകര്യങ്ങൾ, ഡിജിറ്റൽ ക്ലാസ് മുറികൾ എന്നിവ ഇപ്പോൾ നമുക്ക് ലഭ്യമാണ്.

## അവസ്ഥ വിശകലനം

നിലവിൽ പ്രീ പ്രൈമറിയും ഒന്നു മുതൽ നാലാം തരം വരെയും ക്ലാസുകൾ ആണ് ഉള്ള
ഹെഡ്മിസ്ട്രസ് ശ്രീമതി. നിഷ നാണു എൻ , മാനേജർ ശ്രീ. അബ്ദുറഹ്മാൻ ഹാജി കെ
കെ . കൂടാതെ അറബിയടക്കം 5 അധ്യാപകർ, 2 പ്രീപ്രൈമറി ടീച്ചർമാർ, ഒരു ആയ, ഒ
പാചക തൊഴിലാളി. പ്രീ-പ്രൈമറി അടക്കം ആകെ 108 കുട്ടികൾ പഠിക്കുന്നു.

### അധ്യാപകർ

എൻ. നിഷ നാണു – ഹെഡ്മിസ്ട്രസ്
എസ് .എസ് . സുഹൈൽ
എം. അബ്ദുൽ നാസർ
ഷംസീർ. ടി . തയ്യിൽ
സഫീറ കെ. ടി. കെ
അനഘ ( പ്രീ- പ്രൈമറി)
രോഷ്ന ( പ്രീ- പ്രൈമറി)

### പാചക തൊഴിലാളി

അജിത

### പൊതു ലക്ഷ്യങ്ങൾ

*നാലാം തരം കഴിഞ്ഞുപോകുന്ന മുഴുവൻ കുട്ടികൾക്കും ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടാക്കുക.

*ഇംഗ്ലീഷ് എഴുതാനും വായിക്കാനും കഴിവുണ്ടാക്കുക. നിത്യജീവിതത്തിൽ ആവശ്യമുള്ള രീതിയിൽ ഉപയോഗപ്പെടുത്താവുന്ന തരത്തിൽ ഇംഗ്ലീഷ് ആശയവിനിമയശേഷി വികസിപ്പിക്കുക.

*കലാകായിക പ്രവർത്തനങ്ങളിൽ മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കുക

*പ്രതിഭാധനരായ വിദ്യാർഥികളെ കണ്ടെത്തി അവരവരുടെ മേഖലകളിൽ വളരാൻ ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുക.

*രക്ഷിതാക്കൾക്കായി പഠന പിന്തുണ സംവിധാനങ്ങൾ ഒരുക്കുക.

* മയക്കമരുന്നിനെതിരെ പ്രതികരിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുക.

ഭാഷ

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോർക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം | 1. Pre Test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ ഫ്ലക്കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം – കഥ പറയൽ<br>9. ചിത്രം – കഥ എഴുതൽ<br>10. കഥ ബാക്കി എഴുതൽ<br>11. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>12. ചിത്രങ്ങൾ കാണിച്ച് വാക്യങ്ങൾ എഴുതൽ<br>13. വർക്ക് ഷീറ്റ് ചെയ്യൽ<br>14. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. | 1 മാസം ആഗസ്റ്റ് സപ്തംബർ | ക്ലാസ് ടീച്ചർ | BRC PTA |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക. (വായനക്കൂട്ടം) | 1. ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം പങ്കുവയ്ക്കൽ<br>8. വായനകുറിപ്പ് പതിപ്പ്<br>9. സ്കൂൾ സഭ<br>10. ദിനാചരണങ്ങൾ<br>11. അനുകാലിക പ്രസിദ്ധികരണങ്ങളും വായനയും | 6 മാസം | HM. ക്ലാസ് ടീച്ചർ | |

ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 ദൈനംദിന ജീവിതത്തിൽ ഗണിതപഠനം എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു എന്ന് കുട്ടികളിൽ ബോധവാൻമാരാക്കുക. | 1. ഗണിതപഠനം കൃഷിയിലൂടെ<br>2. ഭാരം അളക്കൽ<br>3. വിവിധതരം കറൻസി നോട്ടുകൾ തിരിച്ചറിയൽ<br>4. സമയം മാസങ്ങൾ തിരിച്ചറിയൽ | ഡിസംബർ മാർച്ച് | ഗണിത അധ്യാപകൻ | P.T.A |
| 2 വിവിധതരം ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ | 1. ഗണിത ചുവർ ഒരുക്കൽ<br>2. ജാമിതീയ രൂപങ്ങൾ വരയ്ക്കൽ<br>3. ഗണിത ലൈബ്രറി<br>4. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>5. പഠനോപകരണങ്ങൾ | സപ്തംബർ മാർച്ച് | ഗണിത അധ്യാപകൻ | P.T.A<br>B.R.C. |
| 3 ഗണിത ക്ലബ്ബ് രൂപീകരണം | 1. അംഗങ്ങളെ തെരഞ്ഞെടുക്കൽ<br>2. ഗണിത ക്വിസ്സ്<br>3. ഉത്തരപ്പെട്ടി | ജൂൺ മാർച്ച് | ഗണിത അധ്യാപകൻ<br>HM. | P.T.A |
| 4 ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1.ചോദ്യാവലി ഉണ്ടാക്കുന്നു.<br>2. പ്രീ-ടെസ്റ്റ്<br>3 മൂല്ല്യ നിർണയം<br>4 സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ | ജൂൺ - ജൂലായ് | ഗണിത അധ്യാപകൻ | P.T.A<br>B.R.C. |
| 5 ഗണിതാസ്വാദനം, ഗണിത പഠനം ലളിതമാക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടികളെ വളർത്തൽ | 1. കുസൃതി കണക്കുകൾ<br>2. പസ്സിൽസുകൾ<br>3. ക്വിസ് മൽസരങ്ങൾ<br>4. ഗണിത പാട്ട്, കഥ<br>5. ICT | ഓഗസ്റ്റ് മുതൽ മാർച്ച് | ഗണിത അധ്യാപകൻ | P.T.A<br>B.R.C. |
| 6 ചതുഷ് ക്രിയകൾ ഉറപ്പിക്കൽ | 1. അബാക്കസ്<br>2. സംഖ്യാ കാർഡുകൾ<br>3. സംഖ്യാ കിറ്റുകൾ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനം | ജൂൺ - ഓഗസ്റ്റ് | ഗണിത അധ്യാപകൻ | P.T.A<br>B.R.C. |

ഇംഗ്ലീഷ്

| | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും കഴിവു നേടൽ | **ഇംഗ്ലീഷ് അസംബ്ലി** ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസിനും മാറി മാറി ചുമതല നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | --- |
| 2 | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള കഴിവ് നേടൽ | **ഇംഗ്ലീഷ് ഡയറി** ആഴ്ചയിൽ 2 ദിവസം വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന കാര്യങ്ങൾ ഇംഗ്ലീഷിൽ ഡയറി എഴുതുക. | ആഴ്ചയിൽ 2 ദിവസം ജൂൺ മുതൽ ജനുവരി | ക്ലാസ് ടീച്ചർ | --- |
| 3 | ഇംഗ്ലീഷ് ഭാഷ സർഗാത്മകമായി ഉപയോഗിക്കാനുള്ള കഴിവ് നേടൽ | **ഇംഗ്ലീഷ് തിയേറ്റർ** ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഇംഗ്ലീഷ് Skit സംഭാഷണം Roll play എന്നിവ അവതരിപ്പിക്കൽ | മാസത്തിൽ ഒരു ദിവസം ജൂൺ മുതൽ മാർച്ച് | ഇംഗ്ലീഷ് ക്ലബ്ബ് | 5000/- P.T.A |
| 4 | ഇംഗ്ലീഷ് തെറ്റില്ലാതെ എഴുതാനും വായിക്കാനും കഴിവ് നേടൽ | **ഇംഗ്ലീഷ് Sentence Strip** നിർമ്മാണ (ശില്പശാല) പാഠഭാഗവുമായി ബന്ധപ്പെട്ട പദങ്ങൾ, വാക്യങ്ങൾ, വാചകങ്ങൾ എന്നിവ ചാർട്ടിൽ Sentence Strip കളായി രൂപപ്പെടുത്തൽ | മാസത്തിൽ ഒരു ദിവസം ജൂൺമുതൽ ഡിസംബർ വരെ | ഇംഗ്ലീഷ് ക്ലബ്ബ് | 1000 S S A Fund |
| 5 | ഇംഗ്ലീഷ് ആശയ വിനിമയം സ്വാഭാവിക രീതിയിലും അനായസമായും നടത്താൻ | **ഇംഗ്ലീഷ് ഡേ** . ആഴ്ചയിൽ ഒരു ദിവസം സ്കൂളിലെ അധ്യാപകരും കുട്ടികളും ആശയ വിനിമയം ഇംഗ്ലീഷിൽ മാത്രം നടത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷം | ഇംഗ്ലീഷ് ക്ലബ്ബ് | --- |
| 6 | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനും വായിക്കാനും സംസാരിക്കാനും കഴിവ് നേടൽ | **ഇംഗ്ലീഷ് ഫെസ്റ്റ്** വേനലവധിയിൽ 5 ദിവസം ഇംഗ്ലീഷ് ഫെസ്റ്റ് വിവിധ പരിപാടികളോടെ നടത്തുന്നു. | 5 ദിവസം ഏപ്രിൽ | P.T.A | 5000/- S S G |

രിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| 1 ഹരിത സ്പർശം<br>•നാട്ടിൻപുറുത്തുള്ള സസ്യങ്ങളെ പരിചയപ്പെടൽ<br>•ഔഷധ ഗുണങ്ങൾ തിരിച്ചറിയൽ<br>•വാണിജ്യ പ്രാധാന്യം തിരിച്ചറിയൽ<br>•ചെടി നിഘണ്ടു രൂപീകരിക്കൽ<br>•ഭക്ഷ്യയോഗ്യമായ സസ്യങ്ങൾ തിരിച്ചറിയൽ | • ബോധവൽക്കരണം<br>• ലിസ്റ്റ് ചെയ്യൽ (Pre-test)<br>• ലിസ്റ്റ് വിപുലമാക്കി തരം തിരിക്കൽ<br>• ശേഖരണം – പരിചയപ്പെടൽ (ആഴ്ചയിൽ ഒന്ന്)<br>• ആൽബം നിർമ്മാണം<br>• അൽബം പ്രകാശനം സമാപനം | ജൂൺ മുതൽ ഫെബ്രുവരി | പരിസ്ഥിതി ക്ലബ്ബ് | ചെടികൾ ചാർട്ടുകൾ ഇന്റർനെറ്റ് | P.T.A {പ്രദേശത്തെ നാട്ടുവൈദ്യർ S.S.A. കൃഷി ഓഫീസ് |
| ശാസ്ത്രമൂല<br>2 •ഓരോ ക്ലാസിലേക്ക് ആവശ്യമായ പാഠവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾക്ക് ഉതകുന്ന പരീക്ഷണ മൂല ഒരുക്കൽ | • ലിസ്റ്റ് തയ്യാറാക്കുക.<br>•. തരം തിരിക്കുക. (വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ)<br>•. ശാസ്ത്ര ചുമര് ഒരുക്കൽ<br>•. ശാസ്ത്ര ചുമര് ഒരുക്കൽ<br>• പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല | ജൂലൈ മുതൽ ജനുവരി വരെ | ശാസ്ത്ര ക്ലബ്ബ് | ചാർട്ട്, പരീക്ഷണ സാമഗ്രികൾ (ബലൂൺ, ടാബ് ളർ, ടെസ്റ്റ്യൂബ്, ടെലക്കോപ്പ്) | സന്നദ്ധ സംഘടന S.S.A. P.T.A. |
| 3 നാളേക്ക് വേണ്ടി ഒരു തുള്ളി<br>•ജലലഭ്യതയുടെ പ്രാധാന്യം തിരിച്ചറിയൽ<br>•ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ അവശ്യകത തിരിച്ചറിയൽ<br>•ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ (Poster etc.) | •. ബോധവൽക്കരണ ക്ലാസുകൾ<br>•. മഴയാത്ര<br>• മഴവെള്ള സംരക്ഷണം മഴക്കുഴി നിർമ്മാണം<br>• മഴ അളക്കൽ<br>• കിണർ റീചാർജിംഗ്<br>• ജലസ്രോതസ്സുകൾ പട്ടികപ്പെടുത്തൽ<br>• സന്ദർശനം<br>• നിജസ്ഥിതി വിലയിരുത്തൽ<br>• പരിഹാരം കണ്ടെത്തൽ<br>• പ്രചരണം (സംരക്ഷണത്തിന്റെ ആവശ്യകത) | ജൂൺ മുതൽ ഒക്ടോബർ വരെ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | ടാങ്ക് മടൽ ഉപകരണങ്ങൾ ചെക്ക് ലിസ്റ്റ് | P.T.A. സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ S.S.A. |

## മലയാളം

### ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം)

### മികച്ച വായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക, ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം 2025-26 അധ്യയന വർഷം കുന്നുമ്മൽ L.V.L.P.S. എടുക്കുന്ന പ്രൊജക്ട്.

**ലക്ഷ്യങ്ങൾ**

- എല്ലാവർക്കും എഴുത്തും വായനയും
- വായനക്കൂട്ടം എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക.
- ഇൻലന്റ് മാഗസീൻ, ചുമർ മാഗസീൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക.
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

**പ്രവർത്തനങ്ങൾ**

1) **മലയാളത്തിളക്കം (Pre-Test) 03-06-25**

പ്രീ ടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തി.

കായികം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|---|
| നാടൻ കളികൾ<br>•പ്രദേശത്ത് നിവിലുണ്ടായിരുന്ന നാടൻ കളികൾ തിരിച്ചറിയുന്നു.<br>•കളികൾ നമ്മുടെ സംസ്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്ന് തിരിച്ചറിയുന്നു.<br>•സംഘബോധം വളരുന്നു.<br>•സഹകരണ മനോഭാവം | • നാടൻ കളികൾ പട്ടികപ്പെടുത്തുന്നു.<br>• പ്രവേശനോത്സവത്തിന്റെ ഭാഗമായി ഒരു ദിവസം ഒരു റിസോഴ്സ് പേർസണെ വിളിച്ചു ഉദ്ഘാടനം<br>• പിന്നീട് മാസത്തിൽ രണ്ടു നാടൻകളി വെച്ച് പരിശീലിപ്പിക്കുന്നു.<br>• ബോധവൽക്കരണ ക്ലാസുകൾ | 1 വർഷം | കായിക ചുമതലയുള്ള അധ്യാപകൻ | കളിയുപകരണങ്ങൾ | S S G<br>P T A<br>മുതിർന്നവർ. |
| യോഗ പരിശീലനം | • യോഗ ടീച്ചറെ വെച്ച് ആഴ്ചയിൽ ഒരു ദിവസം യോഗാ ക്ലാസ് | 1 വർഷം | കായിക ചുമതലയുള്ള അധ്യാപകൻ | | യോഗാ ധ്യാപിക<br>P.T.A. |
| കരകൗശലം/ സംഗീതം | •. ഒറിഗാമി<br>•. പേപ്പർ ക്രാഫ്റ്റ്<br>• സംഗീതാധ്യാപിക ക്ലാസ് ആഴ്ചയിൽ 1 ദിവസം | ജൂൺ മുതൽ ഫെബ്രുവരി വരെ | സാഹിത്യ/ കലാ ചുമതലയുള്ള അധ്യാപകൻ | പേപ്പർ വർണ്ണ കടലാസ് പശ | P.T.A. |

2) **അക്ഷരം ഉറപ്പിക്കൽ (1 Month)**

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3) **അടയാളങ്ങൾ ഉറപ്പിക്കൽ**

ചിത്ര സഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4) **അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്**

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5) **ചിത്രം - അടിക്കുറിപ്പ്**

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ – അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6) **കഥ - ബാക്കി പറയൽ - എഴുത്ത്**

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു.

7) **കഥാപുസ്തകം - നൽകൽ**

വായന, കുറിപ്പ് തയ്യാറാക്കൽ

8) **CD പ്രദർശനം**

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം – എഴുതാനവസരം.

9) **ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം

10) **ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ**

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന Group ആക്കുന്നു. എത്ര പുസ്തകം വായിക്കാം. വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം. (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാ ക്കുറിപ്പ്, അസംബ്ലി, ആകാശവാണി ബാലസഭ എന്നിവിൽ അവതരിപ്പിക്കാനവസരം.

11) **ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

കുട്ടികളുടെ സഹായത്തോടെ L P വായനക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12) **സ്കൂൾ ലൈബ്രറി നവീകരണം**

സ്കൂൾ ലൈബ്രറി നവീകരണം, പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രറിയൻ, പുസ്തക വിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തക ശേഖരണം.

13) **സമീപ ഗ്രന്ഥശാല അംഗത്വം**

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം.

14) **വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15) **പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ – വായന – എഴുത്ത് പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16) **അമ്മ വായന**

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം – വായനാമുറി – വായനാക്കുറിപ്പ് തയ്യാറാക്കൽ – മികച്ച കുറിപ്പ് കണ്ടെത്തൽ – പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപ്പശാല.

17) **പുസ്തക ചർച്ച – വായനാനുഭവം പങ്കുവയ്ക്കൽ**

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം, പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്ര നിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ മാസത്തിൽ ഒരു ദിവസം

18) **വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. അവശ്യമായ കൂട്ടിചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

19) **വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം . പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം – വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ , സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20) **ക്ലാസ് സ്കൂൾ ബാലസഭകൾ**

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം, വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ, പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിദ്ധ്യം.

21) **ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22) **ആകാശവാണി ക്ലബ്ബ്**

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച്കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാരെ കണ്ടെത്തൽ, പ്രോത്സാഹനം.

23) **സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം**

സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24) **ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

25) **വായനാസാമഗ്രികൾ വികസിപ്പിക്കൽ**

LP കുട്ടികൾക്കായുള്ള വായന സാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും, അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്തു ഉപയോഗിക്കൽ.

26) **ഇ-വായന - സാധ്യത കണ്ടെത്തൽ**

വിക്കീപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനാക്കൂവട്ടത്തിന്റെയും, എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ, വിവിധ കൃതികൾ, കവിത എന്നിവ വീഡിയോ കാണൽ.

27) **വായനാക്കൂട്ടം - എഴുത്തുകൂട്ടം - മോണിറ്ററിംഗ്**

അധ്യാപകർ, കുട്ടി പ്രതിനിധി, രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ, എന്നിവരുടെ സേവനം.

29) **കാവ്യകൂട്ടം**

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരന്മാർ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു. (BRC യുടെ സഹായത്തോടെ)

30) **സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം**

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം, വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്കത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

31) **വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ**

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം list ചെയ്യൽ, വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തികളുടെ ആഗമനം, സംവാദം, അഭിമുഖം

32) **ഇൻലന്റ് മാഗസീൻ, ചുമർ പത്രിക, പതിപ്പ്**

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസീൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം

33) **വായനാക്കുറിപ്പ് – ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ**
പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ – പതിപ്പ് – പ്രകാശനം.

34) **പൊതുവേദിയിലെ പ്രകടനങ്ങൾ**
കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗ വേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു, സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനവസരം, യോഗങ്ങൾ സംഘടിപ്പിക്കൽ

35) **വ്യക്തിഗത രചന, സംഘരചന**
കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ

36) **ഭാഷാ പ്രോജക്ടുകൾ**
ഭാഷയെ കൂടുതൽ മനസിലാക്കാനും ആഴത്തിലുള്ള വായനക്കുമായി ഭാഷയുടെ വിവിധ പ്രോജക്ടുകൾ ചെയ്യുന്നു. (പാഠപുസ്തകവുമായി ബന്ധപ്പെട്ടത്)

37) **രചയിതാക്കളെ പരിചയപ്പെടൽ**
അസംബ്ലിയിൽ ഒരു ഇനമാകണം കൃതികൾ സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തണം. രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ കുറിപ്പുകൾ, കുറിപ്പുകൾ ശേഖരിച്ച് പതിപ്പ്, പവർ പോയിന്റ് അവതരണം, രചയിതാക്കളുടെ ജനന മരണ ദിനാചരണവുമായി ബന്ധപ്പെടുത്തി (പ്രതിമാസം) ജൂലൈ – ബഷീർ, ആഗസ്റ്റ് എസ്.കെ. പൊറ്റക്കാട്.

38) **ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ**
BRC, IED, Teachers എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ പ്രോത്സാഹനം, പ്രഗത്ഭരുടെ സേവനം.

39) **സാഹിത്യ സാംസ്കാരിക, ചിത്രഗ്യാലറി**
സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത് വചനങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ എന്നിവ പ്രദർശിപ്പക്കൽ, ആർട്ട് ഗ്യാലറികൾ സന്ദർശിക്കൽ.

## പരിസര പഠനം

പ്രകൃതിയെ അടുത്തറിയുന്നതിനും, ശാസ്ത്ര അഭിരുചി വളർത്തുന്നതിനും പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് സ്കൂളുകളിൽ നടത്തേണ്ടത്. വിവിധ പ്രവർത്തനങ്ങളിലൂടെ ഈ നേട്ടങ്ങൾ കൈവരിക്കുകയാണ് ലക്ഷ്യം.

**ലക്ഷ്യങ്ങൾ**

- നാട്ടിൻ പുറത്തുള്ള സസ്യങ്ങളെ പരിചയപ്പെടൽ
- ഔഷധ സസ്യങ്ങൾ തിരിച്ചറിയൽ
- സസ്യങ്ങളുടെ വാണിജ്യ പ്രാധാന്യം തിരിച്ചറിയൽ
- ചെടി നിഘണ്ടു രൂപീകരിക്കൽ
- ഭക്ഷ്യയോഗ്യമായ സസ്യങ്ങൾ തിരിച്ചറിയൽ
- ഓരോ ക്ലാസിലേയും പാഠവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾക്ക് ഉതകുന്ന പരീക്ഷണ മൂല ഒരുക്കൽ
- ജല ലഭ്യതയുടെ പ്രാധാന്യം തിരിച്ചറിയൽ
- ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയൽ
- ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

**പ്രവർത്തനങ്ങൾ:**

**I ഹരിത സ്പർശം**

നാട്ടിൻ പുറത്തെ സസ്യങ്ങളെ പരിചയപെടാനും തിരിച്ചറിയാനുമായി ഒരു ബോധവൽക്കരണ ക്ലാസ് നടത്തുന്നു. പ്രദേശത്തെ നാട്ടുവൈദ്യന്റെ സഹായം തേടുന്നു. പരിസ്ഥിതി ക്ലബ്ബിനാണ് പ്രവർത്തനങ്ങളുടെ ചുമതല. ജൂണിൽ ബോധവൽക്കരണ ക്ലാസോടുകൂടി പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.

സാമ്പത്തികം - P. T. A.

പ്രീ ടെസ്റ്റ് എന്ന രീതിയിൽ കുട്ടികൾക്ക് അറിയാവുന്ന ചെടികളുടെ പേരുകൾ ലിസ്റ്റ് ചെയ്യുന്നു. ലിസ്റ്റുകൾ വിപുലമായി തരം തിരിക്കുന്നു. തുടർന്ന് ഓരോ ഗ്രൂപ്പായി ചെടികൾ ശേഖരിക്കുന്നു. ഔഷധ സസ്യങ്ങൾ സ്കൂൾ ഔഷധ സസ്യത്തോട്ടത്തിലേക്ക് നടുന്നു. അപൂർവ്വമായതും പെട്ടന്ന് ലഭ്യമാകാത്തതുമായ സസ്യങ്ങൾ ശേഖരിക്കാനായി പരിസ്ഥിതി ക്ലബ്ബ് അംഗങ്ങളെ ചുമതലപ്പെടുത്തുന്നു. ആഴ്ചയിൽ ഒന്ന് എന്ന രീതിയിൽ പുതിയ ചെടികൾ ശേഖരിക്കുന്നു. ചെടികളുടെ ആൽബം നിർമ്മിക്കുന്നു. ജൂൺ മുതൽ ഫെബ്രുവരി വരെ നീളുന്ന പ്രവർത്തനങ്ങൾ. ഫെബ്രുവരി അവസാനം ആൽബം പ്രകാശനത്തോടുകൂടി സമാപിക്കുന്നു. പ്രവർത്തനങ്ങൾക്കായി ചെടികൾ, ചാർട്ടുകൾ, ഇന്റർനെറ്റ് എന്നിവ പ്രയോജനപ്പെടുത്തുന്നു. S.S.A., കൃഷി ഓഫീസർ എന്നിവരുടെ പിന്തുണ ആവശ്യമാണ്.

സാമ്പത്തികം - P. T. A.

## II ശാസ്ത്രമൂല

ഓരോ ക്ലാസിലേക്കും ആവശ്യമായ പരീക്ഷണ വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു. ഓരോ ക്ലാസിലും ശാസ്ത്ര വാങ്ങേണ്ടവയും നിർമ്മിക്കേണ്ടവയുമായി തരം തിരിക്കുന്നു. ഓരോ ക്ലാസിലും ശാസ്ത്ര മൂല ഒരുക്കുന്നു. വാങ്ങേണ്ടതായ വസ്തുക്കൾ P. T. A. യുടെയും സന്നദ്ധസംഘടനയു ടെയും S.S. A. യുടെയും സഹകരണത്തോടെ വാങ്ങിക്കുന്നു. നിർമിക്കേണ്ട പരീക്ഷണ സാമഗ്രികളുടെ നിർമാണ ശില്പശാല നടത്തുന്നു.

ശാസ്ത്ര ക്ലബ്ബിന് ചുമതല നല്കി ജൂലൈയിൽ തുടങ്ങി ജനുവരിയിൽ പ്രവർത്തന ങ്ങൾ അവസാനിക്കുന്നു. ചാർട്ട്, പരീക്ഷണ സാമഗ്രികൾ (ബലൂൺ, ടംബ്ലർ, ടെസ്റ്റ്യൂബ്, ടെലസ്കോപ്പ് തുടങ്ങിയവ)

## III നാളേയ്ക്ക് വേണ്ടി ഒരു തുള്ളി

സാമൂഹ്യ സാംസ്കാരിക പ്രവർത്തകരുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസ് നടത്തുന്നു. ജൂൺ മാസത്തിൽ മഴയാത്ര – കുട്ടികൾ, P. T. A. നാട്ടുകാർ എന്നി വരെ സംഘടിപ്പിച്ച് നടത്തുന്നു. മഴവെള്ള സംഭരണം ആവശ്യകതകൾ ബോധ്യപ്പെ ടുത്തി മഴക്കുഴി നിർമ്മിക്കുന്നു.

മഴമാപിനി നിർമ്മിച്ച് മഴ അളക്കുന്ന രീതി ബോധ്യപ്പെടുത്തുന്നു.

ജലസ്രോതസ്സുകൾ പട്ടികപ്പെടുത്തി സന്ദർശനം നടത്തുന്നു. നിജസ്ഥിതി വിലയി രുത്തി പരിഹാരങ്ങൾ കണ്ടെത്തുന്നു. സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രച രണം നടത്തുന്നു. ബോർഡുകൾ സ്ഥാപിക്കുന്നു. സാമൂഹ്യ ശാസ്ത്ര ക്ലബ്ബിനാണ് ചുമ തല. ജൂൺ മുതൽ ഒക്ടോബർ വരെ നീളുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ടാങ്ക്, മടൽ എന്നിവ ആവശ്യമാണ്.

സാമ്പത്തികം – P. T. A., S.S.A., സന്നദ്ധ സംഘടനകൾ

## ഗണിത ശാസ്ത്രം

ഗണിതം മനോഹരമായ ഒരു ചങ്ങലയാണ്. അതിനെ ക്രമമായി അടുക്കിയാൽ മാത്രമേ ഗണിത പഠനം രസകരമാക്കൂ. ഗണിതാശയങ്ങളിലെ യാന്ത്രികത ഉപേക്ഷിക്കാനും, പരമാവധി നിത്യജീവിത സാഹചര്യങ്ങളുടെ അകമ്പടിയോടെ ഗണിത പ്രശ്നങ്ങളെ അവതരിപ്പിക്കാൻ ഉതകുന്ന പഠന പ്രവർത്തനങ്ങൾ തന്നെയാണ് ജ്ഞാനനിർമ്മിതിയിലധിഷ്ഠമായ പ്രക്രിയാബന്ധിത പഠനം ഗണിത പഠനത്തിലെത്തിക്കുന്നെങ്കിലും ചില പ്രയാസങ്ങളും പരിമിതികളും ഗണിത അധ്യാപകർ നേരിടുന്നു. കുട്ടികളിൽ ഗണിത ശേഷികൾ വളർത്തുന്നതോടൊപ്പം തന്നെ ഗണിത പഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ നമ്മളിൽ എത്രപേർക്ക് സാധിക്കുന്നു എന്ന് നാം ചിന്തിക്കേണ്ട വിഷയമാണ്.

**ലക്ഷ്യങ്ങൾ**

- ഗണിതപരമായി ബന്ധപ്പെട്ട് പിന്നോക്കാവസ്ഥ പരിഹരിക്കൽ
- ഗണിതപഠനം ലളിതമാക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക.
- ഗണിതപഠനത്തിലെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കൽ
- ദൈനംദിന ജീവിതത്തിൽ ഗണിതപഠനം എങ്ങനെയെല്ലാം ബന്ധപ്പെട്ടിരിക്കുന്നു എന്ന് കുട്ടികളിൽ ബോധമുണർത്തുക.
- വിവിധതരം ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- പ്രീ-ടെസ്റ്റ് :- 2, 3, 4 ക്ലാസ്സിലെ കുട്ടികളിൽ ഗണിത പഠനത്തിലെ അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തുന്നു..
  കാലം - ജൂൺ
- ചോദ്യാവലി :- പ്രീ-ടെസ്റ്റ് നടത്തുന്നതിനുള്ള ചോദ്യാവലികൾ പാഠ്യപദ്ധതി പഠനനേട്ടങ്ങളുമായി ബന്ധപ്പെടുത്തി തയ്യാറാക്കുന്നു.
  കാലം - ജൂൺ
- മൂല്ല്യ നിർണ്ണയം :- പ്രീ-ടെസ്റ്റ് നടത്തി മൂല്ല്യനിർണ്ണയം നടത്തുന്നു.
  കാലം - ജൂൺ
- സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ :- കുട്ടികളിൽ മുൻ ക്ലാസ്സിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തുകൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും കൂട്ടമായും നൽകുന്നു.
  കാലം - ജൂലായ്
- വർക്ക് ഷീറ്റ് :- ഗണിത പഠനത്തിലെ അടിസ്ഥാന അറിവുകൾ ഉൾപ്പെടുത്തികൊണ്ട് തയ്യാറാക്കിയ വർക്ക്ഷീറ്റുകൾ തുടർ പ്രവർത്തനമായി നൽകുന്നു.
  കാലം - ജൂലായ്
- കുസൃതി കണക്കുകൾ :- ഗണിത പഠനത്തിൽ കൂടുതൽ താൽപര്യം വളർത്തുന്ന കുസൃതി കണക്കുകൾ ശേഖരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുന്നു.
  കാലം - ഓഗസ്റ്റ് മുതൽ
- പസ്സിൽസുകൾ:- പസ്സിൽസുകൾ ഉപയോഗിച്ചുള്ള ഗണിത പ്രവർത്തനങ്ങൾ നൽകുന്നു.
  കാലം - ഓഗസ്റ്റ് മുതൽ

- ഗണിത ക്വിസ്സ്:- ഓരോ ക്ലാസ്സിലെയും പഠന നേട്ടങ്ങളുമായി ബന്ധപ്പെടുത്തി ക്വിസ്സ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.
  കാലം - ഓഗസ്റ്റ് - സെപ്തംബർ
- I C T. പസ്സിൽസുകൾ:- I C T. സാധ്യതകൾ ഉപയോഗിച്ചുള്ള ക്ലാസ്സുകൾ നൽകുന്നു.
- അബാക്കസ്:- അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനു വേണ്ടി ഓരോ ക്ലാസ്സിലേയും കുട്ടികൾക്ക് അബാക്കസ് പരിശീലനം നടത്തുന്നു.
  കാലം - ജൂലായ് മുതൽ മാർച്ച് വരെ
- സംഖ്യാ കാർഡുകൾ:- സംഖ്യാ കാർഡുകൾ ഉപയൊഗിച്ച് സങ്കലന ക്രിയകൾ എളുപ്പമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
  കാലം - ജൂലായ്
- സംഖ്യാ കിറ്റുകൾ:- സംഖ്യാ കിറ്റുകൾ, സംഖ്യ പോക്കറ്റുകൾ വിവിധതരം വസ്തുക്കൾ ഉപയോഗിച്ച് അടിസ്ഥാന ക്രിയകൾ ക്ലാസ്സുകളിൽ അവതരിപ്പിക്കുന്നു.
  കാലം - ഓഗസ്റ്റ്
- ഗണിത പഠനം കൃഷിയിലൂടെ:- സ്കൂളിലെ പരിസ്ഥിതി ക്ലബ്ബുമായി സഹകരിച്ച് കൃഷിചെയ്യുന്നു. കൃഷിയുമായി ബന്ധപ്പെടുത്തി ഗണിത പഠനം ഉറപ്പിക്കാവുന്ന പഠന നേട്ടങ്ങൾ ലിസ്റ്റ് ചെയ്യുന്നു.
  കാലം - ഡിസംബർ
- ഭാരം അളക്കൽ - ഭാരമറിയാം എന്ന യൂണിറ്റുമായി ബന്ധപ്പെടുത്തി കട്ടിയും ത്രാസ്സും ഉപയോഗിച്ച് പച്ചക്കറികളുടെ ഭാരം കുട്ടികൾ അളക്കുന്നു.
  കാലം - ഡിസംബർ
- കറൻസി നോട്ടുകൾ തിരിച്ചറിയൽ - സ്കൂളിലെ ആവശ്യം കഴിഞ്ഞ് ബാക്കി വരുന്ന പച്ചക്കറികൾ ചന്തയിൽ വിൽക്കുന്നു. അതിലൂടെ കറൻസി നോട്ടുകളെ തിരിച്ചറിയുന്നു.
  കാലം - ജനുവരി - ഫെബ്രുവരി
- സമയം, മാസം - പച്ചക്കറി കൃഷി ഏത് മാസം തുടങ്ങി ഏത് മാസം വിളവെടുക്കുന്നു. വിളവെടുക്കാൻ എത്ര മാസം വേണ്ടി വന്നു. കൃഷി സംരക്ഷിക്കുന്നതിൽ കുട്ടികളെ തന്നെ ചുമതലപ്പെടുത്തി. അതിനുള്ള സമയം മുൻകൂട്ടി നൽകുന്നു. കുട്ടികൾ സമയം തിരിച്ചറിഞ്ഞ് സ്വയം കൃഷിയിലേക്ക് നയിക്കുന്നു.
  കാലം - ഡിസംബർ മുതൽ മാർച്ച് വരെ
- ഗണിത ചുവർ - ഓരോ ക്ലാസ്സിലേയും പഠന ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ ഗണിത ചുവർ ഒരുക്കുന്നു.
  കാലം - സെപ്തംബർ
- ജ്യാമിതീയ രൂപങ്ങൾ - വിവിധതരം ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു. ജ്യാമീതിയ രൂപങ്ങൾ വരച്ചും, നിർമ്മിച്ചും ഗണിത ചുവരിൽ പ്രദർശിപ്പിക്കുന്നു.
  കാലം - സെപ്തംബർ മുതൽ
- ഗണിത ലൈബ്രറി - ഗണിത ശാസ്ത്ര പഠനത്തിന്റെ പാരമ്പര്യപരമായ ചരിത്രങ്ങൾ തിരിച്ചറിയാനും ഗണിത ശാസ്ത്രജ്ഞൻമാരെ അടുത്തറിയാനുതകുന്ന തരത്തിലുള്ള പുസ്തകങ്ങൾ ശേഖരിക്കുന്നു.
  കാലം - സെപ്തംബർ - ഒക്ടോബർ

## ഇംഗ്ലീഷ്

വർത്തമാന കാലത്തെ വിദ്യാഭ്യാസം ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്ന ഒരു വിഷയമാണ് ഇംഗ്ലീഷ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇന്ന് വളരെയേറെ ചർച്ചചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. പ്രൈമറി ക്ലാസുകളിൽ സ്വാഭാവികമായ ചുറ്റുപാടിലാണ് ഭാഷ സ്വായത്തമാക്കേണ്ടത്. കളികളിലൂടെയും, Skit, Rhyme, ICT. സാധ്യതകൾ എന്നിവ English പഠനത്തിന് കൂടുലായി ഉപയോഗപ്പെടുത്തണം.

**പ്രവർത്തനങ്ങൾ**

ഇംഗ്ലീഷ് അസംബ്ലി (ആഴ്ചയിൽ ഒന്ന്)

**ലക്ഷ്യം:-** എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാനും, എഴുതാനും, സംസാരിക്കുവാനും കഴിവു നേടൽ

**പ്രവർത്തനങ്ങൾ**

1) ആഴ്ചയിൽ ഒരു ദിവസം വെച്ച് ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക. അസംബ്ലി യിൽ മുഴുവൻ കാര്യങ്ങളും English ൽ തന്നെ അവതരിപ്പിക്കുക. Prayer, Pledge, Mass Drill, teachers Talks, News Paper etc. ഓരോ അസംബ്ലികളും ഓരോ ക്ലാസിന് ചാർജ് നൽകി പ്രവർത്തനം നടത്തുന്നു.

2) ഇംഗ്ലീഷ് ഡയറി: (ആഴ്ചയിൽ രണ്ടു ദിവസം)

ലക്ഷ്യം:- തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനുള്ള കഴിവ് നേടുന്നു.

പ്രവർത്തനം

ആഴ്ചയിൽ രണ്ടുദിവസം വിദ്യാലയത്തിലും വീട്ടിലും, കളിസ്ഥലത്തും ഉണ്ടാകുന്ന അനുഭവങ്ങൾ ഡയറി എഴുതിക്കുന്നു. ഈ പ്രവർത്തനം വർഷാവസാനംവരെ വരുന്നു. തുടക്കത്തിൽ ചെറിയ ചെറിയ വാചകങ്ങൾ എഴുതിക്കുന്നു. ഓരോ മാസവും പുരോഗതി വിലയിരുത്തുന്നു. രണ്ടാംതരം മുതൽ ഈ പ്രവർത്തനം നടത്തുന്നു.

3) ഇംഗ്ലീഷ് തിയേറ്റർ (മാസത്തിൽ ഒന്ന്)

ലക്ഷ്യം:- ഇംഗ്ലീഷ് ഭാഷ സർഗാത്മകമായി ഉപയൊഗിക്കാനുള്ള കഴിവ് നേടുന്നു.

പ്രവർത്തനം

ഓരോ മാസവും തെരഞ്ഞെടുക്കുന്ന ഓരോ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ലളിതമായ സ്കിറ്റുകൾ അവതരിപ്പിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| ജൂൺ | - | പരിസ്ഥിതി ദിനം | ഒക്ടോബർ | - | ഗാന്ധിജയന്തി |
| ജൂലായ് | - | ചാന്ദ്ര ദിനം | നവംബർ | - | ശിശു ദിനം |
| ആഗസ്റ്റ് | - | സ്വാതന്ത്ര്യദിനം | ഡിസംബർ | - | ക്രിസ്തുമസ് |
| സപ്തംബർ | - | ഓണം | ജനുവരി | - | റിപ്പബ്ലിക്ക് ദിനം |
| | | | | | സമാപനം |

4) ഇംഗ്ലീഷ് ഡേ (ആഴ്ചയിൽ ഒരു ദിവസം - ബുധൻ)
ലക്ഷ്യം - ഇംഗ്ലീഷ് ആശയ വിനിമയം സ്വാഭാവിക രീതിയിൽ അനായസമായി നടത്തുന്നു.
പ്രവർത്തനം:
ആഴ്ചയിൽ ബുധനാഴ്ച ഇംഗ്ലീഷ് ഡേ ആയി തെരഞ്ഞെടുക്കുന്നു. പ്രസ്തുത ദിവസം കുട്ടികളും ടീച്ചർമാരും ആശയ വിനിമയം ഇംഗ്ലീഷിൽ മാത്രം നടത്തുന്നു.

5) ഇംഗ്ലീഷ് ഫെസ്റ്റ് (ഏപ്രിൽ)
ലക്ഷ്യം - തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതുവാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് നേടുന്നു.
പ്രവർത്തനം:
വേനലവധിയിൽ ഏപ്രിലിലെ ആദ്യത്തെ മൂന്ന് ദിവസം വിവിധ പരിപാടികളോടെ ഇംഗ്ലീഷ് ഫെസ്റ്റ് നടത്തുന്നു. ഇതിനായി പ്രത്യേകം Module തയ്യാറാക്കുന്നു. Self introduction, Games, Rhymes, Story telling, skit, leltter writing, poster making തുടങ്ങിയ discourses പരിശീലിപ്പിക്കുന്നു.

## അറബിക് - മധുരം

ആമുഖം:

ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷയുടെ പ്രാധാന്യം ദിനംപ്രതി വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ ഭാഷ പഠിക്കാനും സംസാരിക്കാനും എഴുതാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തിയെടുക്കേണ്ടതുണ്ട്. കരിക്കുലം ലക്ഷ്യം വെക്കുന്ന ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തേണ്ടതുണ്ട്.

1) **ലക്ഷ്യങ്ങൾ:-** അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവരെ പരിപോഷിപ്പിക്കാനുള്ള പ്രത്യേക പരിപാടി.

**പ്രവർത്തനങ്ങൾ**

ജൂൺ മാസത്തിൽ എഴുത്ത്, വായ എന്നിവയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം നേരിടുന്ന കുട്ടികളെ കമ്പ്യൂട്ടറിൽ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുന്നു.

ഓരോ കുട്ടിക്കും അക്ഷരങ്ങളുടെ പ്രിൻഔട്ട് നൽകി കുട്ടികൾ അതിന് അനുസരിച്ച് കളർ നൽകുന്നു.

**പിന്തുണ**

പൂർവ്വ വിദ്യാർത്ഥികളുടെ സഹായം ഉപയോഗപ്പെടുത്തുന്നു.

2) **ലക്ഷ്യങ്ങൾ:-** വായന പരിപോഷിപ്പിൽ

കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ - നല്ല വായനക്കാരനാക്കൽ - പിന്നോക്കം നിൽക്കുന്നവരെ ചിത്രവായനയിലൂടെ വായനയുടെ ലോകത്തേക്ക് കൈപിടിച്ച് ഉയർത്തൽ.

**പ്രവർത്തനങ്ങൾ**

വായനാ ദിനത്തോടനുബന്ധിച്ച് സ്കൂളിൽ അറബി - ഭാഷാ വായനാ കോർണർ ഒരുക്കുന്നു. അതിൽ ലളിതമായ തെരഞ്ഞെടുത്ത അറബിക് വിവരണ കാർഡുകൾ ചോദ്യോത്തര കാർഡുകൾ എന്നിവ നൽകുന്നു. വായിച്ച കഥകളെ കുറിച്ച് ക്ലാസിൽ ചോദിക്കുന്നു. ക്വിസ് മത്സരം നടത്തുന്നു. നല്ല വായനക്കാരനും മത്സര വിജയികൾക്കും അസംബ്ലിയിൽ സമ്മാനം നൽകുന്നു. ഈ പ്രവർത്തനം വർഷാവസാനം വരെ തുടരുന്നു.

**പിന്തുണ - സാമ്പത്തികം**

ഭാഷാ സ്നേഹികൾ, വിരമിച്ച അറബി ഭാഷാ അധ്യാപകർ, കുട്ടികൾ എന്നിവരുടെ സഹായത്തോടെ കോർണറിലേക്ക് ആവശ്യമായ വായനാസാമഗ്രികൾ ഒരുക്കുന്നു.

3) **ലക്ഷ്യങ്ങൾ:-**

അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. കുട്ടികളിലെ സർഗ ശേഷി വികസനം.

**പ്രവർത്തനങ്ങൾ**

രണ്ട് മാസത്തിൽ ഒരിക്കൽ അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ഹാഫ്ഡേ ഫെസ്റ്റ് നടത്തുന്നു. കഥപറയൽ, പദ്യം ചൊല്ലൽ, വായനാമത്സരം, ഗാന അവതരണം, ക്വിസ് എന്നീ മത്സരങ്ങൾ നടത്തുന്നു. മികച്ച കുട്ടികൾക്ക് സമ്മാനം നൽകുന്നു.

**പിന്തുണ -**

സഹാധ്യാപകർ

4) **ലക്ഷ്യങ്ങൾ:-**

ദിനാചരണങ്ങൾ അറബിയിലാക്കൽ

**പ്രവർത്തനങ്ങൾ**

സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ പോസ്റ്റർ നിർമ്മിക്കുന്നു. നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ മുൻകൂട്ടി തയ്യാറാക്കുന്നു. പോസ്റ്റർ ദിനാചരണത്തിൽ അവതരിപ്പിക്കുന്നു.

5) **ലക്ഷ്യങ്ങൾ:-**

കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ. കലോൽസവത്തിൽ മികച്ച എഴുത്തുകാരെ പങ്കെടുപ്പിക്കൽ.

**പ്രവർത്തനങ്ങൾ**

ഓരോ കുട്ടികൾക്കും പ്രത്യേകം വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം നടത്തി വിജയികൾക്ക് സമ്മാനം നൽകുന്നു. ചുമർ പത്രിക നിർമ്മാണം നടത്തുന്നു. മാസത്തിൽ ഒരു തവണ അധ്യാപകന്റെ സഹായത്തോടെ ഈ പ്രവർത്തനം നടത്തണം.

# ബാലസഭ ശാക്തീകരണം

## ആമുഖം

കുട്ടികളിലെ സർഗപരവും കലാപരവുമായ കഴിവുകൾ വികസിപ്പിക്കാൻ വേണ്ടി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യക്ലബിന്റെ ആഭിമുഖ്യത്തിൽ എല്ലാ വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ മാസത്തിൽ ഒരു ദിവസം ഒത്തുകൂടി കുട്ടികളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കുന്ന വേദിയാണ് ബാലസഭ.കുട്ടികളുടെ കലാപരമായ കഴിവുകൾ വ്യത്യസ്ത രീതിയിൽ അവതരിപ്പിക്കാനും വിവിധ ദിനാചരണങ്ങളുടെ പ്രവർത്തനങ്ങളും പാഠഭാഗ പ്രവർത്തനങ്ങളും സർഗാത്മകതയിലൂടെ കുട്ടികളിലേക്ക് എത്തിക്കാനും ഈ വേദി ഉപയോഗപ്പെടുത്തുന്നു.ബാലസഭയുടെ നടത്തിപ്പിനായി വിദ്യാരംഗം ക്ലബിന്റെ കോഡിനേറ്ററായിട്ടുള്ള അധ്യാപകനും വിദ്യാർത്ഥികളുടെ പ്രതിനിധിയായിട്ടുള്ള കുട്ടിക്കും ചുമതല നൽകുന്നു.

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ കലാപരമായ കഴിവുകൾ വികസിപ്പിക്കൽ.
- കലാപരമായ കഴിവുകൾ ഭയം കൂടാതെ അവതരിപ്പിക്കാനുള്ള മനോഭാവം വളർത്തിയെടുക്കൽ.
- കുട്ടികളിലും അധ്യാപകരിലും വായനതാൽപര്യം വർദ്ധിപ്പിക്കൽ
- കുട്ടികളുടെ സാഹിത്യരചനകൾ പ്രസിദ്ധീകരിക്കൽ.
- സാഹിത്യകാരന്മാരെ പരിചയപ്പെടൽ.
- വിദ്യാലയങ്ങളിൽ സാംസ്കാരിക നിലവാരം ഉണ്ടാക്കിയെടുക്കുക.

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| പഠനോത്സവം ഒന്നാം ഘട്ടം ഒന്നാം പാദവാർഷിക പരീക്ഷവരെ കുട്ടികൾ നേടിയിട്ടുള്ള പഠനനേട്ടങ്ങൾ വ്യത്യസ്തമായ പ്രവർത്തനം ഉൾക്കൊള്ളിച്ച് അവതരിപ്പിക്കുന്നു. | ആഗസ്റ്റ്-സെപ്റ്റംബർ | ക്ലാസ് ടീച്ചർ | പി ടി എ |
| സ്കൂൾ കലാമേള | സെപ്റ്റംബർ | കലാമേള കൺവീനർ | |
| ചിത്രരചന ശിൽപശാല | ഒക്ടോബർ | വിദ്യാരംഗം കൺവീനർ | |
| പഠനോത്സവം രണ്ടാം ഘട്ടം രണ്ടാം പാദവാർഷിക പരീക്ഷ വരെയുള്ള പഠനനേട്ടങ്ങൾ ഉൾക്കൊള്ളിച്ച് മികവുത്സവം നടത്തുന്നു | ഡിസംബർ | ക്ലാസ് ടീച്ചർ | |
| സ്കൂൾ മാഗസിൻ കുട്ടികളുടെ സ്വന്തം സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുന്നു | ജനുവരി-ഫെബ്രുവരി | വിദ്യാരംഗം കൺവീനർ | |
| വാർഷിക പഠനോത്സവം | മാർച്ച് | ക്ലാസ് ടീച്ചർ | പി ടി എ |

| പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- |
| ക്ലബ് രൂപീകരണം | ജൂൺ | വിദ്യാരംഗം കൺവീനർ | |
| വായന ദിനം പുസ്തക പരിചയം സാഹിത്യകാരന്മാരെ പരിചയപെടൽ | ജൂൺ | ദിനാചരണം ചുമതലയുള്ള സ്റ്റാഫ് അധ്യാപകൻ | |
| വിദ്യാരംഗം ക്ലബ് ഉദ്ഘാടനം ശില്പശാല കഥ,കവിത | ജൂലായ് | വിദ്യാരംഗം കൺവീനർ | 0 |
| ബാലസഭ **കാവ്യോത്സവം** ഓരോ ക്ലാസിലെയും കുട്ടികൾ പഠിച്ച പാഠഭാഗത്തിലെ കവിതകൾ വിവിധ താളത്തിലും ഈണത്തിലും അവതരിപ്പിക്കുന്നു. പാഴ് വസ്തുക്കൾ ഉപയോഗിച്ചുള്ള വാദ്യോപകരണങ്ങൾ ഉപയോഗിക്കുന്നു | ജൂലായ് | ക്ലാസ് ടീച്ചർ | |
| **നാട്ടറിവുകൾ** **പഴഞ്ചൊല്ലുകൾ** **കടംകഥ** തുടങ്ങിയ കുട്ടികൾക്ക് പരിചയപെടാനും ഇത്തരം പ്രവർത്തനങ്ങളിലേക്ക് ആകർഷണം വളർത്തിയെടുക്കാൻ ഈ മേഖലയിൽ കഴിവ് തെളിയിച്ച പ്രകൽഭരെ കണ്ടെത്തി കുട്ടികളുമായി ആശയവിനിമയം നടത്താനുള്ള അവസരം സൃഷ്ടിക്കുന്നു. | ആഗസ്റ്റ്-സെപ്റ്റംബർ | വിദ്യാരംഗം കൺവീനർ | |

വട്ടോളി - 673507
കുന്നുമ്മൽ

14-7-25
RAVEENDRAN. M.T
BLOCK PROJECT CO-ORDINATOR
SSK
BRC KUNNUMMAL
P.O. VATTOLI, PIN-673507